"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഓണാഘോഷം - 2023 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1731/2023/LSGD തീയതി,തിരുവനന്തപുരം, 24-08-2023

---

**ഉത്തരവ്**

2023 ഓണാഘോഷത്തോടനുബന്ധിച്ച് പ്രാദേശികമായി വിവിധ സംഘടനകളും സ്ഥാപനങ്ങളും നടത്തി വരുന്ന വ്യത്യസ്ത പരിപാടികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഒട്ടേറെ നിവേദനങ്ങൾ സർക്കാരിൽ ലഭ്യമായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് മുൻവർഷം യഥേഷ്ടാനുമതി ലഭിച്ച പരിപാടികൾക്കും/ സ്ഥാപനങ്ങൾക്കും അതേ തുക തന്നെ 2023 ലെ ഓണാഘോഷത്തോടനുബന്ധിച്ചും അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങക്ക് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ ഈ വർഷം പുതുതായി ധനസഹായം ആവശ്യപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി അനുവദിക്കാവുന്ന തുക 1,00,000/- (ഒരു ലക്ഷം രൂപ മാത്രം ) രൂപ എന്ന് നിജപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
PA to Additional Chief Secretary
PA to Principal Secretary